**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **09-12-2022 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിൽ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ? | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിങ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി. ഒ. ( പി) നമ്പർ 151 /75 പിഡബ്ല്യൂ തീയതി 18/ 8 /1975 റിപ്പയർ ആൻഡ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ. (പി) നമ്പർ 81/88 പി.ഡബ്ല്യൂ. ആൻഡ് റ്റി. തീയതി 29.12.1988 എന്നിവയാണ്. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവീസ് കമ്മീഷന് നൽകുകയും ആയത് കമ്മീഷൻ അംഗീകരിച്ച് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ